(സി) മതികെട്ടാനിലെ വനഭൂമി കൈയേറ്റവുമായി ബന്ധപ്പെട്ട് ഇതുവരെ 8 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ രണ്ടുകേസ്സുകൾ കോടതിയിൽ ചാർജ് ചെയ്തിട്ടുണ്ട്.

(ഡി) കൈയേറിയ വനഭൂമി പൂർണ്ണമായും തിരിച്ചെടുത്തിട്ടുണ്ട്.

(ഇ) പട്ടയം/ലീസ് എന്നിവ കൃാൻസൽ ചെയ്തത് സംബന്ധിച്ച് ഹൈക്കോടതിയിൽ 10 കേസ്സുകളും, മറ്റ് കോടതികളിൽ 11 ഒ. എസ്. കേസ്സുകളും നിലവിലുണ്ട്.

മാവൂർ ഗ്രാസിം കമ്പനിയിലെ തടി വില്പന തുക ഈടാക്കാൻ നടപടി

104 (4144) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാസിം കമ്പനിയിൽ പൾപ്പ് ഉൽപാദിപ്പിക്കാൻ എത്ര ടൺ തടിയും മുളയും ഉണ്ടായിരുന്നു ;

(ബി) പൾപ്പ് ഉല്പാദിപ്പിക്കുന്നതിനായി ഗ്രാസിം കമ്പനിക്ക് തടിയും മുളയും നൽകുന്നത് എന്ത് വിലയ്ക്കാണെന്ന് വെളിപ്പെടുത്തുമോ ;

(സി) സർക്കാർ കുറഞ്ഞ വിലയ്ക്ക് നൽകുന്ന തടിയും മുളയും പൾപ്പ് നിർമ്മാണത്തിന് ഉപയോഗിച്ചില്ലെങ്കിൽ എന്ത് വിലയാണ് കമ്പനി സർക്കാരിന് നൽകേണ്ടതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഗ്രാസിം കമ്പനിയിൽ നിന്നും തുക ഈടാക്കാൻ എന്തൊക്കെ നടപടി സ്വീകരിച്ചു എന്നും എന്തു തുക ഇതിനകം ഈടാക്കി എന്നും വെളിപ്പെടുത്തുമോ ;

(ഇ) ഗ്രാസിം കമ്പനിയുടെ കൈവശത്തിലായിരിക്കുമ്പോൾ തടിയും മുളയും കേടുവന്നാൽ വില നൽകാനുള്ള ബാദ്ധ്യതയിൽനിന്നും അവരെ ഒഴിവാക്കാൻ വ്യവസ്ഥയുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത വ്യവസ്ഥയുടെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഗ്രാസിം കമ്പനിയിൽ പൾപ്പ് ഉല്പാദിപ്പിക്കാതെ 80604 മെ. ടൺ തടിയും 50842 മെ. ടൺ മുളയുമാണ് ബാക്കി ഉണ്ടായിരുന്നത്.

(ബി) സർക്കാരും കമ്പനിയും തമ്മിലുള്ള കരാറിന്റെ അടിസ്ഥാനത്തിൽ സബ്സിഡി നിരക്കിലാണ് കമ്പനിക്ക് അസംസ്കൃത പദാർത്ഥങ്ങൾ നൽകിക്കൊണ്ടിരിക്കുന്നത്. കമ്പനിയുമായുള്ള നാലാം അനുബന്ധ കരാർ കാലയളവിൽ (27-10-1988 മുതൽ 26-10-1993 വരെ) നൽകിയ അസംസ്കൃത വസ്തുക്കൾക്ക് എല്ലാ നികുതികളും ഉൾപ്പെടെ മെട്രിക് ടണ്ണിന് 259 രൂപയാണ് ഈടാക്കിയിരുന്നത്. അതിനുശേഷം 27-10-1993 മുതൽ 31-8-1999 വരെ കമ്പനിക്ക് അസംസ്കൃത വസ്തുക്കൾ നൽകിയിരുന്നത് താഴെപ്പറയുന്ന നിരക്കുകൾ അനുസരിച്ചാണ്.

LIBRARY ARCHIVES Kerala Legislative Assembly

കാലയളവ്	യൂക്കാലിപ്റ്റസ്	മറ്റിനങ്ങൾ	മുള
27-10-1993 മുതൽ 26-10-1994 വരെ	360+നികുതികൾ	335+നികുതികൾ	350നികുതികൾ ഉൾപ്പെടെ
27-10-1994 മുതൽ 26-10-1995 വരെ	385+നികുതികൾ	360+നികുതികൾ	350 നികുതികൾ ഉൾപ്പെടെ
27-10-1995 മുതൽ 26-10-1996 വരെ	403+നികുതികൾ	378+നികുതികൾ	386 നികുതികൾ ഉൾപ്പെടെ
27-10-1996 മുതൽ 26-10-1997 വരെ	422+നികുതികൾ	397+നികുതികൾ	396 നികുതികൾ ഉൾപ്പെടെ
27-10-1997 മുതൽ 26-10-1998 വരെ	442+നികുതികൾ	417+നികുതികൾ	406 നികുതികൾ ഉൾപ്പെടെ
27-10-1998 മുതൽ 31-8-1999 വരെ (10-5-1999-ൽ കമ്പനി അടച്ചു പൂട്ടി)	463+നികുതികൾ	438+നികുതികൾ	426 നികുതികൾ ഉൾപ്പെടെ

(സി) കരാർ പ്രകാരം സർക്കാർ കമ്പനിക്ക് നൽകിക്കൊണ്ടിരിക്കുന്ന അസംസ്കൃത സാധനങ്ങൾ റയോൺ പൾപ്പ് നിർമ്മാണത്തിനല്ലാതെ ഉപയോഗിക്കുകയോ, കമ്പനിയുടെ അനാസ്ഥകൊണ്ട് ഏതെങ്കിലും അംശം നശിച്ചുപോവുകയോ ചെയ്തിട്ടുണ്ടെന്ന് സർക്കാരിന് ബോദ്ധ്യപ്പെടുന്ന പക്ഷം അങ്ങനെ മാറ്റി ഉപയോഗിക്കപ്പെടുകയോ നഷ്ടപ്പെട്ട് പോവുകയോ ചെയ്തിട്ടുള്ള അസംസ്കൃത വസ്തുവിന്റെ കമ്പോളവില കമ്പനിയിൽ നിന്നും ഈടാക്കുവാൻ സർക്കാരിന് അവകാശമുണ്ട്.

(ഡി) കമ്പനി റയോൺ പൾപ്പ് നിർമ്മാണത്തിന് ഉപയോഗിക്കാതെ ബാക്കി വന്നതായ 131446 മെ. ടൺ അസംസ്കൃത പദാർത്ഥങ്ങൾക്ക് അന്നത്തെ മാർക്കറ്റ് വിലയുടെ അടിസ്ഥാനത്തിൽ സർക്കാർ നഷ്ടം കണക്കാക്കി 912,42.716 രൂപ അടയ്ക്കണമെന്നു കാണിച്ച് നോട്ടീസ് കമ്പനിക്ക് നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ അസംസ്കൃത പദാർത്ഥങ്ങൾക്ക് അന്ന് നിലവിലുണ്ടായിരുന്ന റോയൽറ്റിയായി കമ്പനിയിൽ നിന്നും നികുതി ഉൾപ്പെടെ 6,23,53,182 രൂപ ഈടാക്കിയിട്ടുണ്ട്.

(ഇ) കരാർ പ്രകാരം സർക്കാർ കമ്പനിക്ക് നൽകിക്കൊണ്ടിരിക്കുന്ന അസംസ്കൃത സാധനങ്ങൾ റയോൺ പൾപ്പ് നിർമ്മാണത്തിനല്ലാതെ ഉപയോഗിക്കുകയോ, കമ്പനിയുടെ അനാസ്ഥകൊണ്ട് ഏതെങ്കിലും അംശം നശിച്ചുപോവുകയോ ചെയ്തിട്ടുണ്ടെന്ന് സർക്കാരിന് ബോദ്ധ്യപ്പെടുന്നപക്ഷം അങ്ങനെ മാറ്റി ഉപയോഗിക്കപ്പെടുകയോ നഷ്ടപ്പെട്ടു പോവുകയോ ചെയ്തിട്ടുള്ള അസംസ്കൃത വസ്തുവിന്റെ കമ്പോളവില കമ്പനിയിൽ നിന്നും ഈടാക്കുവാനാണ് വ്യവസ്ഥയുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly